ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 13.06.2024** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **ജി-7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് തിരിക്കും.**

   Prime Minister Narendra Modi will embark on a visit to Italy today to participate in G-7 summit.

2. **കുവൈറ്റിൽ ലേബർ ക്യാമ്പിലുണ്ടായ തീപിടുത്തത്തിൽ 49 പേർക്ക് ജീവഹാനി. മരിച്ച 40 ഇന്ത്യക്കാരിൽ 11 മലയാളികൾ.**

   Atleast 49 people killed in a fire tragedy in Kuwait. 40 Indians including 11 Keralites lost their lives.

3. **കുവൈറ്റ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രിയുടെ നേതൃത്വത്തിൽ അടിയന്തര യോഗം ചേർന്നു. ദുരന്തത്തിൽപ്പെട്ടവർക്ക് അടിയന്തര സഹായം ഉറപ്പു നൽകി കേന്ദ്ര വിദേശകാര്യമന്ത്രാലയം.**

   Prime Minister Narendra Modi chaired a review meeting on the fire tragedy in Kuwait. External Affairs Ministry extended all possible assistance to the victims and their families.

4. **മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും മത്സ്യബന്ധനമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള കർമപദ്ധതി തയ്യാറാക്കാൻ കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ നിർദ്ദേശം നൽകി.**

   Minister of State for Fisheries George Kurian has directed to ensure the safety and security of the fishermen and to prepare action plan for improving infrastructure in fisheries sector.

5. **അരുണാചൽ പ്രദേശ് മുഖ്യമന്ത്രിയായി ബിജെപി നേതാവ് പേമ ഖണ്ഡു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും.**
**BJP leader Pema Khandu will take oath as Chief Minister of Arunachal Pradesh today.**

6. **ഐസിസി പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ അമേരിക്കയെ ഇന്ത്യ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി.**
**In ICC Men's T20 World Cup Cricket. India beats USA by seven wickets.**

***************************************************************************************

## G7 SUMMIT – (INTRO)

മൂന്ന് ദിവസം നീണ്ടുനിൽക്കുന്ന ജി 7 ഉച്ചകോടിയിൽ പങ്കെടുക്കാൻ പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഇറ്റലിയിലേക്ക് തിരിക്കും. തുടർച്ചയായി മൂന്നാം തവണയും പ്രധാനമന്ത്രിയായി അധികാരമേറ്റ ശേഷമുള്ള അദ്ദേഹത്തിന്റെ ആദ്യ വിദേശ സന്ദര്ശനമാണിത്.

വിശദാംശങ്ങളിലേക്ക്.........

**– (VOICE.......)**

ജി 7 ഉച്ചകോടിയ്ക്ക് ഇന്ന് തുടക്കമാകും. തുടർച്ചയായി അഞ്ചാം തവണയാണ് ശ്രീ മോദി ഉച്ചകോടിയിൽ പങ്കെടുക്കുന്നത്. നാളെ നടക്കുന്ന ഔട്ട്റീച്ച് സെഷനിൽ പ്രധാനമന്ത്രി സംബന്ധിക്കുമെന്ന് വിദേശകാര്യ സെക്രട്ടറി വിനയ് ക്വാത്ര ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഈ സെഷനിൽ, നിർമ്മിത ബുദ്ധി, ഊർജം, ആഫ്രിക്ക, മെഡിറ്ററേനിയൻ മേഖലകളിൽ ഊന്നിയുള്ള ചർച്ചകൾ നടക്കും. ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മേലോണിയുമായി പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തും. കഴിഞ്ഞ വർഷം അബുദാബിയിൽ നടന്ന സിഒപി 28 ഉച്ചകോടിയിലാണ് ഇരു പ്രധാനമന്ത്രിമാരും അവസാനമായി കൂടിക്കാഴ്ച നടത്തിയത്. മറ്റ് ലോക നേതാക്കളുമായും അദ്ദേഹം ആശയവിനിമയം നടത്തും. സ്വിറ്റ്സർലൻഡിൽ നടക്കുന്ന ഉക്രൈൻ സമാധാന ഉച്ചകോടിയിൽ ഇന്ത്യയുടെ പങ്കാളിത്തമുണ്ടാകുമെന്നും വിദേശകാര്യ സെക്രട്ടറി അറിയിച്ചു. 1973 ൽ സാമ്പത്തിക സഹകരണത്തിനുള്ള ഒരു വേദിയായാണ് G7 സ്ഥാപിതമായത്.

യുണൈറ്റഡ് സ്റ്റേറ്റ്സ്, കാനഡ, ജർമ്മനി, ഫ്രാൻസ്, ഇറ്റലി, കാനഡ, ബ്രിട്ടൻ എന്നീ രാജ്യങ്ങൾ ഇതിൽ ഉൾപ്പെടുന്നു.
**ന്യൂസ് ഡെസ്ക്, ആകാശവാണി......**
*********************************************************************************

## PARLIAMENT SESSION

18-ാം ലോക്സഭയുടെ ആദ്യ സമ്മേളനം ഈ മാസം 24 ന് ആരംഭിക്കും. പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ, സ്പീക്കർ തിരഞ്ഞെടുപ്പ്, രാഷ്ട്രപതിയുടെ അഭിസംബോധന എന്നിവ സമ്മേളന കാലയളവിൽ നടക്കും. അടുത്ത മാസം 3 വരെയാണ് സമ്മേളനം. രാജ്യസഭയുടെ 264-ാ മത് സമ്മേളനവും ഈ മാസം 27 മുതൽ ജൂലൈ 3 വരെ ചേരും. രാജ്യത്തെ സേവിക്കുക എന്നതാണ് സർക്കാരിന്റെ കടമയെന്നും, 140 കോടി ഇന്ത്യക്കാരുടെ അഭിലാഷങ്ങൾ നിറവേറ്റുന്നതിനുള്ള മികച്ച വേദിയാണ് പാർലമെൻററെന്നും കേന്ദ്ര പാർലമെന്ററി കാര്യ മന്ത്രി കിരൺ റിജിജു പറഞ്ഞു.
*********************************************************************************

## KUWAIT FIRE - (INTRO)

കുവൈറ്റിൽ തൊഴിലാളി ക്യാമ്പിലുണ്ടായ തീപിടുത്തത്തിൽ 49 പേർക്ക് ജീവഹാനി. 11 മലയാളികൾ ഉൾപ്പെടെ 40 പേർ ഇന്ത്യക്കാരാണെന്ന് റിപ്പോർട്ട്.
കുവൈറ്റിലുണ്ടായ ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അധ്യക്ഷതയിൽ അടിയന്തിര യോഗം ചേർന്നു. സംഭവത്തിൽ ദുഃഖം രേഖപ്പെടുത്തിയ പ്രധാനമന്ത്രി മരിച്ചവരുടെ കുടുംബങ്ങളെ അനുശോചനം അറിയിച്ചു.

**വിശദാംശങ്ങളിലേക്ക്.......**

**- (VOICE...)**

മരിച്ച ഇന്ത്യക്കാരുടെ കുടുംബങ്ങൾക്ക് കേന്ദ്ര സർക്കാർ രണ്ട് ലക്ഷം രൂപ വീതം ധനസഹായം പ്രഖ്യാപിച്ചു.
ദുരന്തത്തെ സംബന്ധിച്ച് കുവൈത്ത് വിദേശകാര്യ മന്ത്രി അബ്ദുല്ല അലി അൽ യഹ്യയുമായി വിദേശകാര്യ മന്ത്രി ഡോ എസ് ജയശങ്കർ ചർച്ച നടത്തി. സംഭവത്തിൽ സമഗ്രമായ

അന്വേഷണം നടത്തുമെന്നും നിയമ നടപടികൾ ഉണ്ടാകുമെന്നും കുവൈത്ത് വിദേശകാര്യ മന്ത്രി ഉറപ്പുനൽകി. ഇന്ത്യൻ പൗരന്മാരുടെ മൃതദേഹങ്ങൾ എത്രയും വേഗം നാട്ടിലെത്തിക്കണമെന്നും, പരിക്കേറ്റവർക്ക് ആവശ്യമായ വൈദ്യസഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കണമെന്നും ജയശങ്കർ ആവശ്യപ്പെട്ടു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നനായി കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിങ് കുവൈറ്റിലെത്തിയിട്ടുണ്ട്. കുവൈത്തിലെ മംഗഫ് ഏരിയയിലെ തൊഴിലാളി ക്യാമ്പിലുണ്ടായ തീപിടിത്തത്തിൽ 49 ഇന്ത്യക്കാർ മരിക്കുകയും 50 ഓളം പേർക്ക് പരിക്കേൽക്കുകയും ചെയ്യു. മരിച്ചവരിൽ ഒട്ടേറെ മലയാളികളും ഉൾപ്പെട്ടിട്ടുണ്ട്. പരിക്കേറ്റവർ അഞ്ച് സർക്കാർ ആശുപത്രികളിൽ ചികിത്സയിലാണെന്നും കൃത്യമായ വൈദ്യസഹായവും പരിചരണവും ലഭിക്കുന്നുണ്ടെന്നും വിദേശകാര്യ മന്ത്രാലയം അറിയിച്ചു. അപകടത്തിൽ പെട്ടവരുടെ വിവരങ്ങൾ +965-65505246 എന്ന ഹെൽപ്പ് ലൈൻ നമ്പറിൽ ബന്ധപ്പെടാം.

ദുരന്തത്തിൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാനും മുഖ്യമന്ത്രി പിണറായി വിജയനും അനുശോചനം രേഖപ്പെടുത്തി.

ന്യൂസ് ഡെസ്ക്, ആകാശവാണി..

*****************************************************************************

**KUWAIT -PATHANAMTHITTA**

കുവൈറ്റിൽ ഉണ്ടായ തീപിടിത്തത്തിൽ പത്തനംതിട്ട സ്വദേശികളായ നാലുപേരുടെ മരണം സ്ഥിരീകരിച്ചു. പന്തളം മുടിയൂർക്കോണം ഐരാണിക്കുഴി ശോഭാലയത്തിൽ ശോഭാ കുമാരിയുടെ മകൻ ആകാശ് എസ്. നായർ, പത്തനംതിട്ട വാഴമുട്ടം പുള്ളിനിൽക്കുന്നതിൽ വടക്കേതിൽ വാസുദേവൻ നായരുടെ മകൻ പി.വി മുരളീധരൻ, കോന്നി അട്ടച്ചാക്കൽ ചെന്നശേരിൽ സജു വർഗീസ്, തിരുവല്ല മേപ്രാൽ ചിറയിൽ തോമസ് ഉമ്മൻ എന്നിവരെയാണ് തിരിച്ചറിഞ്ഞത്.

*****************************************************************************

## LOKA KERALA SABHA

കുവൈറ്റ് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ ഇന്ന് നടക്കാനിരുന്ന ലോക കേരള സഭയുടെ ഉദ്ഘാടന സമ്മേളനവും സെമിനാറും അനുബന്ധ പരിപാടികളും ഒഴിവാക്കി. 14 , 15 തീയതികളിൽ ലോക കേരളസഭാ സമ്മേളനം നിശ്ചയിച്ച പ്രകാരം നടക്കും. ആഘോഷ പരിപാടികൾ ഉണ്ടാവില്ല.

**********************************************************************************

## FISHERIES MEETING

കേന്ദ്ര മന്ത്രി രാജീവ് രഞ്ജൻ സിംങ്ങിന്റെ അധ്യക്ഷതയിൽ ഫിഷറീസ് വകുപ്പിന്റെ അവലോകന യോഗം ഇന്നലെ ന്യൂഡൽഹിയിൽ നടന്നു. യോഗത്തിൽ കേന്ദ്ര സഹമന്ത്രി ശ്രീ ജോർജ് കുര്യൻ ഉൾപ്പെടെയുള്ള പ്രമുഖർ പങ്കെടുത്തു. മൂല്യവർധിത മത്സ്യ ഉൽപന്നങ്ങളുടെ കയറ്റുമതി വർധിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കാൻ യോഗത്തിൽ നിർദ്ദേശം ഉണ്ടായി. അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും കെസിസി സൗകര്യങ്ങൾ വ്യാപിപ്പിക്കുന്നതിന് എല്ലാ ബാങ്കുകൾക്കും നിർദ്ദേശം നൽകി. ഫിഷറീസ് മേഖലയുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള അടിസ്ഥാന വെല്ലുവിളികൾ മനസ്സിലാക്കാൻ മുൻനിര മത്സ്യ ഉൽപ്പാദന സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും എംപിമാരുമായി ഒരു യോഗം വിളിക്കാനും യോഗത്തിൽ തീരുമാനിച്ചു. മത്സ്യത്തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ചും, ആധുനിക മത്സ്യബന്ധന തുറമുഖങ്ങളുടെയും ആഴക്കടൽ മത്സ്യബന്ധന കപ്പലുകളുടെയും ആവശ്യകതയെ പറ്റിയും കേന്ദ്ര ഫിഷറീസ് സഹമന്ത്രി ജോർജ് കുര്യൻ യോഗത്തിൽ ചർച്ച ചെയ്തു. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആഴക്കടൽ മത്സ്യബന്ധന യാനങ്ങൾ കൂടുതൽ ഉൾപ്പെടുത്തുന്നതിനുമുള്ള കർമ്മ പദ്ധതി തയ്യാറാക്കാൻ അദ്ദേഹം നിർദ്ദേശം നൽകി.

*********************************************************************************

## ARUNACHAL CM OATH

അരുണാചൽ പ്രദേശ് മുഖ്യമന്ത്രിയായി ബിജെപി നേതാവ് പേമ ഖണ്ഡു ഇന്ന് സത്യപ്രതിജ്ഞ ചെയ്യും. ഇറ്റാനഗറിലെ ദോർജി ഖണ്ഡു കൺവെൻഷൻ സെന്ററിൽ രാവിലെ 11 മണിക്കാണ് സത്യപ്രതിജ്ഞാ ചടങ്ങ്. കേന്ദ്ര നിരീക്ഷകരായ രവിശങ്കർ പ്രസാദിന്റെയും തരുൺ ചുഗിന്റെയും സാന്നിധ്യത്തിൽ അരുണാചൽ പ്രദേശ് ബിജെപി നിയമസഭാ കക്ഷി നേതാവായി ഖണ്ഡുവിനെ ഇന്നലെ ഐകകണ്ഠേന തിരഞ്ഞെടുത്തിരുന്നു. കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ, ബിജെപി അധ്യക്ഷൻ ജെപി നഡ്ഡ, പാർട്ടി ജനറൽ സെക്രട്ടറി ബിഎൽ സന്തോഷ് എന്നിവർ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കും.

*********************************************************************************

## AGRICULTURE-CHOUHAN

കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള 100 ദിന കാർഷിക കർമ്മ പദ്ധതിയെ സംബന്ധിച്ച് കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. കർഷകക്ഷേമത്തിൽ അധിഷ്ഠിതമായ പദ്ധതികളിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും നടപടികൾ വേഗത്തിൽ പൂർത്തിയാക്കണമെന്നും ശ്രീ ചൗഹാൻ ഉദ്യോഗസ്ഥരോട് നിർദ്ദേശിച്ചു. വളങ്ങളുടെയും വിത്തുകളുടെയും മറ്റ് ഉൽപന്നങ്ങളുടെയും ലഭ്യത മുൻഗണനാടിസ്ഥാനത്തിൽ ഉറപ്പാക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

*********************************************************************************

## TERRORIST KILLED

ജമ്മു കശ്മീരിൽ, കത്വ ജില്ലയിലെ ഹിരാനഗർ മേഖലയിലെ സൈദ സോഹൽ ഗ്രാമത്തിൽ തുടരുന്ന സൈനിക നടപടിയിൽ ഒരു ഭീകരൻ കൂടി കൊല്ലപ്പെട്ടു. ഒരു ഭീകരനെ നേരത്തെ വധിച്ചിരുന്നു. ഭീകരരുടെ ആക്രമണത്തിൽ ഒരു സിആർപിഎഫ് ജവാനും വീരമൃത്യു വരിച്ചു. പ്രദേശത്ത് സുരക്ഷാസേന തിരച്ചിൽ ശക്തമാക്കി.

*******************************************************************************

## MEA GAZA

'ഗസയ്ക്കുള്ള അടിയന്തര മാനുഷിക സഹായം' എന്ന വിഷയത്തിൽ അമ്മാനിൽ ചേർന്ന ഉന്നതതല സമ്മേളനത്തിൽ വിദേശകാര്യ മന്ത്രാലയം സെക്രട്ടറി മുക്തേഷ് പർദേശി ഇന്ത്യയെ പ്രതിനിധീകരിച്ചു. ജോർദാൻ രാജാവ് അബ്ദുള്ള 2, ഈജിപ്ത് പ്രസിഡന്റ് അബ്ദുൽഫത്താഹ് എൽസിസി, യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് എന്നിവർ സമ്മേളനത്തിന് ആതിഥേയത്വം വഹിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ഇന്ത്യ ഉടൻ തന്നെ യുഎൻ ഏജൻസിക്ക് 2.5 മില്യൺ ഡോളർ കൈമാറുമെന്ന് വിദേശകാര്യ മന്ത്രാലയം വ്യക്തമാക്കി.

*******************************************************************************

## ODISHA-ANDHRA

ഒഡീഷ മുഖ്യമന്ത്രിയായി മോഹൻ ചരൺ മാജി സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. കനക് വർധൻ സിംഗ് ദിയോ, പ്രവതി പരിദ എന്നിവർ ഉപമുഖ്യമന്ത്രിമാരായും സത്യപ്രതിജ്ഞ ചെയ്തു. ഒഡിഷയിലെ ആദ്യ ബി ജെ പി സർക്കാർ അധികാരമേൽക്കുന്നതിന് സാക്ഷ്യം വഹിക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും, കേന്ദ്രമന്ത്രിമാരും, ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരും സന്നിഹിതരായിരുന്നു. നേരത്തെ ആന്ധ്രാപ്രദേശ് മുഖ്യമന്ത്രിയായി തെലുങ്കുദേശം പാർട്ടി അധ്യക്ഷൻ ചന്ദ്രബാബു നായിഡു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റിരുന്നു. ജന സേനയിൽ നിന്ന് മൂന്ന് പേരും ബി ജെ പി യിൽ നിന്ന് ഒരാളും ഉൾപ്പെടെ 24 മന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു.

*******************************************************************************

## GROWTH RATE

ഇന്ത്യയുടെ വ്യാവസായിക ഉൽപ്പാദന സൂചിക മുൻ വർഷത്തെ അപേക്ഷിച്ച് ഈ വർഷം ഏപ്രിൽ മാസത്തിൽ അഞ്ച് ശതമാനം വളർച്ച രേഖപ്പെടുത്തി. 2023 ഏപ്രിലിൽ ഐഐപി വളർച്ചാ നിരക്ക് 4.6 ശതമാനമായിരുന്നു.

*******************************************************************************

## ASSEMBLY GENERAL

പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനം ഇന്നലെ താത്ക്കാലികമായി പിരിഞ്ഞു. ഇന്നുമുതൽ ഈ മാസം 18 വരെ സഭ ചേരുന്നതല്ല. ലോക കേരളസഭ, ബക്രീദ് എന്നിവയ്ക്ക് ശേഷം 19-ന് സഭ പുനരാരംഭിക്കും.

**************************************************************************************

## CRICKET

ഐസിസി പുരുഷ ടി-20 ലോകകപ്പ് ക്രിക്കറ്റിൽ ഇന്നലെ ന്യൂയോർക്കിൽ നടന്ന മത്സരത്തിൽ അമേരിക്കയെ ഇന്ത്യ ഏഴ് വിക്കറ്റിന് പരാജയപ്പെടുത്തി. ഈ വിജയത്തോടെ, ഗ്രൂപ്പ്-എ യിൽ ഇന്ത്യ സൂപ്പർ 8 യോഗ്യത ഉറപ്പിച്ചു. അമേരിക്ക ഉയർത്തിയ 110 റൺസ് വിജയലക്ഷ്യം 10 ബോളുകൾ ശേഷിക്കെ ഇന്ത്യ മറികടന്നു. ഇന്നത്തെ മത്സരങ്ങളിൽ ആതിഥേയരായ വെസ്റ്റ് ഇൻഡീസ് ന്യൂസിലൻഡിനെയും, ബംഗ്ലാദേശ് നെതർലാൻഡിനെയും നേരിടും.

**************************************************************************************

## BADMINTON

സിഡ്നിയിൽ നടക്കുന്ന ഓസ്ട്രേലിയൻ ഓപ്പൺ ബിഡബ്ല്യുഎഫ് സൂപ്പർ-500 ബാഡ്മിന്റൺ ടൂർണമെന്റിൽ ഇന്ത്യയുടെ എച്ച്എസ് പ്രണോയ് ബ്രസീലിന്റെ ഇഗോർ കൊയ്‌ലോയെ പരാജയപ്പെടുത്തി പുരുഷ സിംഗിൾസിന്റെ രണ്ടാം റൗണ്ടിലെത്തി.

**************************************************************************************

## CLIMATE

കേരള - കർണാടക്-ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മണിക്കൂറിൽ 35 മുതൽ 55 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

**************************************************************************************

## IMD HEAT WAVE

ഉത്തർപ്രദേശ്, പശ്ചിമ ബംഗാൾ, ബീഹാർ, ജാർഖണ്ഡ് സംസ്ഥാനങ്ങളിൽ അടുത്ത 4 ദിവസം ഉഷ്ണ തരംഗം തുടരുമെന്ന് കാലാവസ്ഥാ വകുപ്പ്. ഡൽഹിയിൽ ഇന്നലെ

44.7 ഡിഗ്രി സെൽഷ്യസാണ് ഉയർന്ന താപനില. ഉത്തരാഖണ്ഡ്, പഞ്ചാബ്, ഹരിയാന, ചണ്ഡീഗഡ്, ഡൽഹി, മധ്യപ്രദേശ്, രാജസ്ഥാൻ, ഹിമാചൽ പ്രദേശ്, ജമ്മു , ഒഡീഷ എന്നിവിടങ്ങളിലും ഉഷ്ണതരംഗത്തിന് സമാനമായ അവസ്ഥ തുടരും. തെക്കുപടിഞ്ഞാറൻ മൺസൂൺ അടുത്ത 2-3 ദിവസത്തിനുള്ളിൽ ഒഡീഷ, ആന്ധ്രാപ്രദേശ്, ബംഗാൾ തീരത്തേയ്ക്ക് പ്രവേശിക്കും.

****************************************************************************************

## PLUS ONE ALLOTMENT

ഹയർ സെക്കൻഡറി ഒന്നാം വർഷ പ്രവേശനത്തിന്റെ രണ്ടാം ഘട്ട അലോട്ട്മെന്റിൽ **2 ലക്ഷത്തി 39,961** വിദ്യാർത്ഥികൾ ഇടം നേടി. ഒന്നാം അലോട്ട്മെന്റിലെ **2 ലക്ഷത്തി 45,944** പേരിൽ **ഒരു ലക്ഷത്തി 20,176** പേർ സ്ഥിരപ്രവേശനവും **99,420** പേർ താൽക്കാലിക പ്രവേശനവുമാണ് നേടിയത്. രണ്ട് അലോട്ട്മെന്റുകൾക്കു ശേഷം 70,100 സീറ്റ് ബാക്കിയുണ്ട്. അലോട്ട്മെന്റിൽ ഇടം നേടിയവർ ബുധൻ രാവിലെ 10 മുതൽ വ്യാഴം വൈകിട്ട് അഞ്ച് വരെ സ്കൂളുകളിൽ പ്രവേശനം നേടണം.

****************************************************************************************

## ISRAEL- HEZBOLLAH

തെക്കൻ ലെബനനിലെ ഹിസ്ബുള്ളയുടെ ഏറ്റവും മുതിർന്ന കമാൻഡർമാരിൽ ഒരാളായ സമി തലേബ് അബ്ദുള്ളയെ വ്യോമാക്രമണത്തിൽ വധിച്ചതായി ഇസ്രായേൽ സൈന്യം സ്ഥിരീകരിച്ചു. ആക്രമണത്തിൽ മറ്റ് മൂന്ന് പേർ കൊല്ലപ്പെടുകയും 10 പേർക്ക് പരിക്കേൽക്കുകയും ചെയ്തതായി പ്രാദേശിക ലെബനൻ മാധ്യമങ്ങൾ വ്യക്തമാക്കി. അതേസമയം, വടക്കൻ ഇസ്രായേലിൽ റോക്കറ്റുകൾ, ഡ്രോണുകൾ, മിസൈലുകൾ എന്നിവ ഉപയോഗിച്ച് ആക്രമണം നടത്തിയതായി ഹിസ്ബുള്ള അവകാശപ്പെട്ടു.

****************************************************************************************

************************************************************

********************